**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 219** | **08.07.2015-ലെ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതിക്ക് കേന്ദ്ര സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.പി.സി വിഷ്ണുനാഥ്**<br>**ശ്രീ.ബെന്നി ബെഹനാൻ** | **ശ്രീ.എ.പി.അനിൽ കുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 2011-12 ൽ 23.756 കോടി രൂപയുടെയും 2012-13ൽ 78.265 കോടി രൂപയുടെയും 2013-14ൽ (2014 മെയ് 31 വരെ) 34.672 കോടി രൂപയുടെയും കേന്ദ്ര സഹായമാണ് സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് ലഭിച്ചത്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള എല്ലാ വിനിയോഗ സർട്ടിഫിക്കറ്റുകളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനം സമർപ്പിച്ച 80.37 കോടി രൂപയുടെ പുതിയ പദ്ധതി പ്രൊപ്പോസലുകൾക്ക് ഇതുവരെയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) കേന്ദ്രസർക്കാരിന്റെ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിലാണ് മികവ് കാട്ടിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കോഴിക്കോട് സരോവരം പദ്ധതി, അഷ്ടമുടി കായൽ ക്രൂസ് സർക്യൂട്ട്, നിള ടൂറിസം സർക്യൂട്ട്, ആർട്ട് & ക്രാഫ്റ്റ് വില്ലേജ് (ഇരിങ്ങൽ കോഴിക്കോട്) ന്റെ നിർമ്മാണം, കൊച്ചിൻ ക്രൂസ് പാസഞ്ചർ ടെർമിനൽ |

തുടങ്ങിയ പദ്ധതികൾ നടത്തിപ്പിൽ മികച്ച നിലവാരം പുലർത്തുന്നവയാണ്. കൂടാതെ മെഗാ സർക്യൂട്ട് പദ്ധതികളായ മുസിരിസ് ഹെറിറ്റേജ് പദ്ധതി, ആലപ്പുഴ ബാക്ക് വാട്ടർ മെഗാ സർക്യൂട്ട് ടൂറിസം പദ്ധതി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

(സി) ഏതെല്ലാം വിനോദ സഞ്ചാര മേഖലകൾക്കാണ് പദ്ധതി നടത്തിപ്പ് വഴി ഗുണം ലഭിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

(സി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും ഗുണപ്രദമാകുന്ന തരത്തിലുള്ള പദ്ധതികളാണ് കേന്ദ്ര സഹായമായി ലഭിച്ച പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളത് പദ്ധതി നടത്തിപ്പ് വഴി ബീച്ച് ടൂറിസം, കായൽ ടൂറിസം, ഹൈറേഞ്ച് ടൂറിസം, അഡ്വഞ്ചർ ടൂറിസം, ഹെറിറ്റേജ് ടൂറിസം, പൈതൃക ടൂറിസം തുടങ്ങിയ വിവിധ വിനോദസഞ്ചാര മേഖലകൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ